പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1526

06.03.2020 ൽ
മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് കോളേജുകളിലെ മധ്യവേനലവധിയിലെ മാറ്റം

*ചോദ്യം*

ശ്രീ.വി.ഡി.സതീശൻ

*ഉത്തരം*

ഡോ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ മധ്യവേനലവധി മേയ്-ജൂൺ മാസങ്ങളിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഏപ്രിൽ, മേയ് മാസങ്ങളിൽ മധ്യവേനലവധി ആയിരിക്കെ സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ഇത്തരം ഒരു മാറ്റം വരുത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | 26/07/2019 ലെ സ.ഉ.(സാധാ) നം. 1303/2019/ഉ.വി.വ പ്രകാരം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ മധ്യവേനലവധി, 2020 വർഷം മുതൽ കേരള സാങ്കേതിക സർവ്വകലാശാലയുടെ അക്കാദമിക് കലണ്ടറിന് അനുസൃതമായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിച്ച് പ്രഖ്യാപിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ, കേരള സാങ്കേതിക സർവകലാശാലയുടെ 2019-20 ലെ അക്കാദമിക് കലണ്ടർ പ്രകാരം റെഗുലർ ക്ലാസ്സുകൾ 2020 ഏപ്രിൽ 28 വരെ നടത്തിവരുന്നുണ്ട്. തുടർന്ന് സർവകലാശാല പരീക്ഷകൾ ആരംഭിച്ച് 2020 ജൂൺ മാസത്തിൽ അവസാനിക്കുകയും 2020 ജൂലൈ 20 മുതൽ സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുന്നു. കൂടാതെ, എഞ്ചിനീയറിംഗ് - മെഡിക്കൽ (KEAM) എൻട്രൻസ് ഫലത്തിന്റെ അടിസ്ഥാനത്തിലുള്ള അഡ്മിഷൻ നടപടികൾ ജൂലൈ ആദ്യം വരെ നീണ്ടുനിൽക്കുന്നതിനാൽ, എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റികളുടെ സേവനം ആയതിന് അത്യന്താപേക്ഷിതവുമാണ്. മേൽ വസ്തുതകൾ പരിഗണിച്ച് സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ മധ്യവേനലവധി മേയ്-ജൂൺ മാസങ്ങളിലായി പുനഃക്രമീകരിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും |

| | | | |
|---|---|---|---|
| | | | സർക്കാരിലേക്ക് ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ ആണ് 27/01/2020 ലെ സ.ഉ.(സാധാ) നം.139/2020/ഉ.വി.വ. പ്രകാരം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 2019-20 അധ്യയന വർഷം മധ്യവേനലവധി മെയ് 1 മുതൽ ജൂൺ 30 വരെ ആക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയത്. |
| (സി) | ഇത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | ഇല്ല. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തണമെന്ന് അപേക്ഷിച്ച് സർക്കാരിൽ ലഭ്യമായ അപേക്ഷ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ